**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1774</u>      <u>22.03.2012 ൽ മറുപടിക്ക്</u>

**<u>ജുവനൈൽ പോലീസ് യൂണിറ്റുകൾ</u>**

<u>ചോദ്യം</u>

ശ്രീ. ഷാഫി പറമ്പിൽ

'' ഡൊമിനിക് പ്രസന്റേഷൻ

'' എ.റ്റി. ജോർജ്

'' വി.റ്റി. ബൽറാം

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ജുവനൈൽ പോലീസ് യൂണിറ്റുകളുടെ പ്രവർത്തനരീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ;

(സി) കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക ചുമതല നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>മറുപടി</u>

ശ്രീ. ഉമ്മൻ ചാണ്ടി

മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും

എല്ലാ പോലീസ് സ്റ്റേഷനുകളിലെയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ ശിശു ക്ഷേമ ഓഫീസർമാരായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഓരോ പോലീസ് ജില്ലയിലും ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ അസിസ്റ്റന്റ് കമ്മീഷണർ/ഡി.വൈ. എസ്.പി.യുടെ നേതൃത്വത്തിൽ വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ, 2 വനിതകൾ ഉൾപ്പെടെ 4 സിവിൽ പോലീസ് ഓഫീസർമാർ എന്നിവരടങ്ങുന്ന പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ വ്യവസ്ഥകൾ ശിശുക്ഷേമത്തിനും, ശിശുകേന്ദ്രീകൃതമായും നടപ്പിലാക്കുന്നതിനും നിയമവിധേയമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുന്ന കുട്ടികളെയും സംരക്ഷണവും പരിചരണവും ആവശ്യമുള്ള കുട്ടികളെയും നിശ്ചയിക്കപ്പെട്ടിട്ടുള്ള മാർഗ്ഗനിർദ്ദേശകങ്ങൾ പ്രകാരം കൈകാര്യം ചെയ്യുന്നതിനുമായിട്ടാണ് ഈ സംവിധാനം പ്രാവർത്തികമാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ